# എസ് ടി പി യുടെ നിർമാണവുമായി ആയി ബന്ധപ്പെട്ടുള്ള ആശങ്കകൾ ദൂരീകരിക്കാൻ കോഴിക്കോട് കോർപറേഷൻ പുറത്തിറക്കുന്ന ചോദ്യങ്ങളും ഉത്തരങ്ങളും

1. നഗരത്തിൽ ഏറ്റവുമധികം ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലാണ് സ്വീവേജ് പ്ലാന്റ് പണിയുന്നത്. മറ്റൊരു സ്ഥലം കണ്ടെത്തിക്കൂടേ?

ഏറ്റവും അധികം ആളുകൾ തിങ്ങിപ്പാർക്കുന്നിടത്ത് തന്നെയാണ് STPആവശ്യമുള്ളത്. ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ വീടുകൾ അടുത്തടുത്ത വരുന്നത് കൊണ്ട് സെപ്റ്റിക് ടാങ്കുകളിൽ നിന്നും കിണറുകളിലേക്ക് ആവശ്യമായ അകലം പാലിക്കാൻ സാധിക്കാതെ വരും. ജനസാന്ദ്രത കൂടിയ പ്രദേശത്തെ കിണറുകൾ കൂടുതൽ മലിനമാകാൻ സാധ്യത വളരെ കൂടുതലാണ്. മലിന ജലത്തിന്റെ സ്വാഭാവികം ആയ ഒഴുക്ക് നിലനിർത്തേണ്ടത് ഇത്തരം പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷികമാണ്. പ്ലാൻ ഡിസൈൻ ചെയ്തത് പമ്പിങ് സ്റ്റേഷനുകൾ പരമാവധി കുറച്ചും കോർപറേഷൻ അധീനതയിൽ ഉള്ള സ്ഥലങ്ങളിൽ ഏറ്റവും അനുയോജ്യമായ സ്ഥലത്തും ആണ്

2. നിലവിൽ ആവിക്കൽതോട് പ്രദേശത്ത് പ്ലാന്റിനാവശ്യമായ സ്ഥലമില്ല. തോട് നികത്തി സ്ഥലമുണ്ടാക്കുന്നത് പ്രശ്നമല്ലേ?

പദ്ധതി പ്രദേശത്ത് നിലവിൽ പ്ളാൻറ് സ്ഥാപിക്കാൻ ആവിശ്യം ആയ സ്ഥലം ഉണ്ട്. ആവിക്കൽ പദ്ധതി പ്രദേശത്ത് എത്തുന്നതിന് മുമ്പായി തോടിന്റെ വീതി 5 മീറ്റർ മുതൽ 6 മീറ്റർ വരെ ആണ് വീതി ഉള്ളത് പദ്ധതി പ്രദേശത്ത് തോട് കരകവിഞ്ഞാണ് ഒഴുകുന്നത്. മഴവെള്ളത്തിന്റെ സ്വാഭാവികമായി ഒഴുക്ക് നിലനിർത്തിക്കൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. കൂടാതെ പദ്ധതി ആവിഷ്കരിച്ചു കഴിഞ്ഞാൽ തോടിലൂടെ ഇപ്പോൾ തുറന്ന് ഒഴുകുന്ന മലിനജലം പൈപ്പിലൂടെ പ്ലാൻറിൽ എത്തിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. .

KOZHIKODE MUNICIPAL CORPORATION
KOZHIKODE-32

3. പണിക്കർറോഡുമുതൽ നിലവിലെ നിർദിഷ്ടപ്ലാന്റിനു പിറകിലൂടെ ആവിക്കൽതോടിൽ വന്നുചേരുന്ന ഒരു തോട് ഒഴുകുന്നുണ്ട്. പ്ലാന്റ് നിർമിക്കാൻ ഈ തോട് മൂടേണ്ടിവരും. ഇത് പ്രദേശത്ത് വെള്ളപ്പൊക്കവും മറ്റു പാരിസ്ഥിതിക പ്രശ്നവും ഉണ്ടാക്കില്ലേ?

പ്ലാൻറ് സ്ഥാപിക്കാനായി തോട് നികത്തേണ്ട ആവിശ്യം ഇല്ല. തോട് നിലനിർത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്

4. ആവിക്കൽതോടിൽ ഇപ്പോൾ പ്ലാന്റിനായി മണ്ണിട്ടുമൂടുന്ന സ്ഥലം എത്രയോകാലമായി വെള്ളക്കെട്ടാണ്. നഗരത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് ഒഴുകിവരുന്ന വെള്ളം ഈ സ്ഥലത്താണ് സംഭരിക്കപ്പെട്ടിരുന്നത്. ഇവിടെ വെള്ളത്തിന്റെ നിരപ്പുയരുമ്പോഴാണ് കടലിലേക്ക് ഒഴുകിപ്പോവാറുള്ളത്. ഈ ജലസംഭരണി മണ്ണിട്ടുമൂടി പ്ലാന്റു പണിതാൽ വെള്ളം എവിടെയാണ് ഒഴുകിവന്നുനിൽക്കുക?

പദ്ധതി നടപ്പിലാക്കുന്നത് മൂലം ഏകദേശം 7 MLD ജലം ആവിക്കൽ തോടിൽ നിന്ന് ഒഴിവാക്കപ്പെടും. കൂടാതെ ആവിക്കൽ തോടിന്റെ നവീകരണത്തിനും സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനും കടലിലേക്ക് ഒരു ഷട്ടറിങ് സ്ഥാപിക്കുന്ന പദ്ധതി കോർപറേഷൻ വിഭാവനം ചെയ്തു വരുന്നു. നിലവിലെ STP നടപ്പിലാക്കുന്ന മുറക്ക് ടി പദ്ധതികളും നടപ്പിലാക്കുന്നതാണ് .

5. ആവിക്കൽതോടിന്റെ കരയിൽ കഴിഞ്ഞ മഴക്കാലത്ത് 300 വീടുകൾ വെള്ളത്തിനടിയിലായതാണ്. ഇവിടെ തോട് നികത്തി പ്ലാന്റ് പണിതാൽ എല്ലാ മഴക്കാലത്തും വെള്ളപ്പൊക്കം ഉറപ്പല്ലേ?

അല്ല. കാരണം, ഇതിനായി ആവിക്കൽ തോടും അതിലേക്ക് വരുന്ന ചെറു തോടുകളും ശാസ്ത്രീയമായി പരിശോധിച്ച് ആവശ്യമുള്ള അളവിൽ ആഴം കൂട്ടുന്നതിന്റെ പദ്ധതി. ഉടനെ ആരംഭിക്കും. എസ്.ടി.പി പദ്ധതി തുടങ്ങുന്ന മുറക്ക് തന്നെ ആഴം കൂട്ടൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കും. അതുകൊണ്ട് തന്നെ വീടുകൾ വെള്ളത്തിനടിയിൽ ആകില്ല.

6. കെമിക്കലും മറ്റുംചേർത്ത് ട്രീറ്റ് ചെയ്ത വെള്ളം ആവിക്കൽതോടിലേക്കും കല്ലായിപ്പുഴയിലേക്കുമാണ് ഒഴുക്കുക. ഇത് പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കില്ലേ

KOZHIKODE MUNICIPAL CORPORATION
KOZHIKODE-32

നിലവിൽ ഖര ജല മാലിന്യങ്ങൾ വർഷങ്ങൾ ആയി ഒഴുകി പരിസരപ്രദേശവും കടലും മലിനമാവുകയാണ് ചെയുന്നത് പ്രസ്തുത പദ്ധതി വരുന്നത് വഴി ശുദ്ധീകരിച്ച ജലം ആണ് കടലിലേക്ക് ഒഴുക്കിവിടുന്നത് ഇതുവഴി പാരിസ്ഥിക പ്രശ്നങ്ങൾ കുറയും .വെള്ളം അണുവിമുക്തമായി ഉപയോഗിക്കുന്നതിനുള്ള ക്ലോറിനേഷൻ മാത്രം ആണ് ചെയുന്നത്. കൂടാതെ മലം പോലുള്ള ഖര വസ്തുക്കൾ തിന്നു തീർക്കുന്ന ബാക്റ്റീരിയകളെ ശർക്കര , ചാണകം എന്നിവയിൽ നിന്നുല്പാദിപ്പിച്ചാണ് ഖരമാലിന്യം ഇല്ലായ്മ ചെയ്യുന്നത്. ഇത് ഒരു കെമിക്കൽ പ്ളാൻറ് അല്ല, പകരം MBBR എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്ളാൻറ് ആണ്. കുടിവെള്ളത്തിലും കിണറിലും ജലവിതരണ പൈപ്പ് ലൈനുകളിലും വെള്ളം ശുദ്ധീകരിക്കാൻ ഉപയോഗിക്കുന്ന അണുവിമുക്തകാരിയായ ക്ളോറിൻ മാത്രം ആണ് പ്ലാന്റിൽ ഉപയോഗിക്കുന്നത്.

7. ആവിക്കൽതോടിലൂടെ മലിനജലം തുറന്നുവിടുന്നത് വെള്ളയിൽ ഹാർബറിനു സമീപത്തുള്ള കടലിലേക്കാണ്? ഇത് മത്സ്യസമ്പത്തിനെ ബാധിക്കുംകടലിലിറങ്ങി പണിയെടുക്കുന്ന തൊഴിലാളികളെയും . എന്താണ് പരിഹാരം .ബാധിക്കും?

നിലവിൽ മലിനജലം ശുദ്ധീകരിക്കാതെയാണ് കടലിലേക്ക് ആവിക്കൽ തോടിലൂടെ ഒഴുകിപോകുന്നത്. ഇതാണ് ചർമരോഗങ്ങൾ ഉണ്ടാക്കുന്നത്.മലിന ജലത്തിൽ പണിയെടുക്കുന്നത് ചർമരോഗങ്ങൾ കൂടാൻ കാരണമാകുന്നതാണ്. പദ്ധതി നടപ്പാക്കി കഴിഞ്ഞാൽ നിലവിലുള്ള സാഹചര്യത്തേക്കാളും എത്രയോ ശുദ്ധമായ വെള്ളമാണ് കടലിലേക്ക് ഒഴുകി എത്തുന്നത്. PCB നിഷ്കരിച്ചിക്കുന്ന സ്റ്റാൻഡേർഡ് പാലിക്കാൻ കോർപറേഷൻ നിർബന്ധിതമാണ്. തത്സമയ ജല ഗുണനിലവാര പരിശോധന സംവിധാനം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇത് മലിനീകരണ നിയന്ത്രണ ബോർഡിന് തൽസമയം പരിശോധിക്കാൻ സാധിക്കുന്നതാണ്.

ശുദ്ധീകരിച്ച വെള്ളത്തിന്റെ ക്ലോറിന്റെ അളവ് ശാസ്ത്രിയമായി നിർണയിക്കപ്പെട്ടതാണ്. അത് ജലാശയങ്ങളിലെ ജീവജാലങ്ങൾക്ക് ജീവഹാനി ഉണ്ടാകുന്ന അളവിൽ ആയിരിക്കില്ല എന്ന് ഉറപ്പാക്കിയതാണ്. നിലവിൽ ഉള്ള അവസ്ഥയിൽ മാലിന്യങ്ങൾ ഉയർന്നതോതിൽ അടങ്ങിയ വെള്ളം കടലിലേക്ക് ഒഴുകി ചേരുന്നതിനാൽ കടൽ വെള്ളത്തിലെ ഓക്സിജന്റെ അളവ് കുറയുവാനും അത് മൂലം കടൽ ജീവികൾ ചത്ത് ഒടുങ്ങുവാനും. അത് സമുദ്ര ഉത്പന്നങ്ങളുടെ ലഭ്യതയെ സാരമായി ബാധിക്കാനും

KOZHIKODE MUNICIPAL CORPORATION
KOZHIKODE-32

ഇടയാകും. മലിനജലം ശുദ്ധീകരിച്ച് കടലിലേക്ക് ഒഴുകുന്നത് ഈ അപായ സാധ്യത കുറയ്ക്കുകയാണ് ചെയ്യുന്നത്.

കേരള തീരദേശ പരിപാലന അതോറിറ്റി (KCZMA) പരിശോധിച്ച് CRZ അനുമതി വാങ്ങിയിട്ടുണ്ട്. മാത്രവുമല്ല ശുദ്ധീകരിച്ച ജലം ഹാർബറിൽ പുറത്തായി, ഹാർബർ കടലിൽ ചേരുന്ന ഭാഗത്തുനിന്നും 620m മാറിയാണ് പുറത്ത് വിടുന്നത്.

8. പ്രദേശത്തെ വീടുകളിലെ മാലിന്യം ശേഖരിച്ച് പ്ലാന്റിലെത്തിക്കുമെന്നാണ് പറഞ്ഞത്നിലവിൽ വീടുകളിലെ . സെപ്റ്റിക് ടാങ്കുകൾ എട്ടുംപത്തും മീറ്റർ ആഴത്തിലാണ്അതു . പിന്നെ എങ്ങനെയാണ് .അധികൃതർക്കും അറിയാവുന്നതാണ് വീടുകളിലെ മാലിന്യം ശേഖരിക്കുക?

ഈ പദ്ധതി പ്രകാരം ദ്രവ മാലിന്യം വീടുകളിൽ നിന്ന് ശേഖരിക്കുന്നതിന് പകരം മാലിന്യങ്ങൾ ശുചിമുറിയിൽ നിന്ന് നേരിട്ട് പൈപ്പ് മുഖേന പ്ലാൻറ്ലേക്ക് എത്തിക്കുകയാണ് ചെയുന്നത്. ഇ പദ്ധതി യാഥാർത്ഥ്യം ആകുന്നതോടെ സെപ്റ്റിക് ടാങ്കുകൾ ആവിശ്യം വരില്ല.

9. നഗരത്തിന്റെ മറ്റുഭാഗങ്ങളിലുള്ള ഫ്ലാറ്റുകളിലെ ശുചിമുറിമാലിന്യം പാവപ്പെട്ട ജനങ്ങൾ തിങ്ങിപ്പാർക്കുന്നിടത്ത് കൊണ്ടുവരേണ്ട ആവശ്യമെന്താണ്?

7 MLD പദ്ധതി വിഭാവനം ചെയ്യുന്നത് 66, 67, (25%-62) വാർഡ് നിവാസികൾക്കു മാത്രമാണ്, ഈ വാർഡ്കളിലെ ശുചിമുറിമാലിന്യങ്ങൾ അല്ലാതെ വേറെ ഒരു വാർഡിൽ നിന്നും മാലിന്യങ്ങൾ എവിടേക്കു എത്തില്ല. ഫ്ളാറ്റുകൾക്ക് അനുമതി കൊടുക്കുന്നത് സീവേജ് ട്രീറ്റ്മെന്റ് സംവിധാനം ഉണ്ടെന്നു ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ആണ്.

10. മാലിന്യസംസ്കരണ സംവിധാനമില്ലാത്ത ഫ്ലാറ്റുകൾക്ക് നിർമാണ അനുമതി നൽകിയത് കോർപറേഷനല്ലേ?

ഒരിക്കലുമല്ല. ഫ്ളാറ്റുകൾക്ക് പ്രവർത്തന അനുമതി ലഭിക്കാൻ അവരുടേതായ STP സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്

11. നഗരത്തിന്റെ പൈതൃക തോടാണ് ആവിക്കൽതോട് .കല്ലായിപ്പുഴയും പൈതൃക, സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമായ നദിയാണ് . ഇതുരണ്ടും സംരക്ഷിക്കേണ്ട ചുമതലയില്ലേ?

KOZHIKODE MUNICIPAL CORPORATION
KOZHIKODE-32

പൈതൃകതോടായത് കൊണ്ടുതന്നെ അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്യം കോർപറേഷനുണ്ട് .ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കുന്നത് വഴി തോട്ടിലേക്കുള്ള മാലിന്യത്തിന്റെ ഒഴുക്ക് കുറയും. പദ്ധതി നടപ്പാക്കാതെ തോട് മാത്രം വൃത്തിയാക്കിയാൽ ദിവസങ്ങൾക്കകം തോട് പഴയ രീതിയിൽ മലിനമാകും അതിനാൽ പ്ലാന്റ് വരുന്നതോടൊപ്പം തന്നെ തോടും വൃത്തിയാക്കി പൈതൃകം സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

12. പൈപ്പുകളിലൂടെയാണ് പ്ലാന്റിലേക്ക് ശുചിമുറി മാലിന്യം എത്തിക്കുകയെന്നാണ് പറയുന്നത്. നഗരത്തിൽ പലയിടത്തും കുടിവെള്ള പൈപ്പ് മാസത്തിൽ രണ്ടോ മൂന്നോ തവണ പൊട്ടാറുണ്ട്. ഇതു നന്നാക്കാൻ ആഴ്ചകളും മാസങ്ങളുമെടുക്കാറുണ്ട്. ശുചിമുറി മാലിന്യ പൈപ്പ് പൊട്ടിയാൽ ഇതേപോലെ ആഴ്ചകളും മാസങ്ങളുമെടുക്കുമെന്നത് ഉറപ്പാണ്. ഇതു പരിഹരിക്കാൻ വെറും അവകാശവാദങ്ങൾക്കപ്പുറത്ത് പ്രായോഗികമായി എന്തെങ്കിലും പരിഹാരമുണ്ടോ?

കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നത് ഭൂമിയുടെ തൊട്ടുതാഴെ ആണ് എന്നാൽ സെവെറേജ് പൈപ്പ് ലൈൻ ഭൂമിയിൽ വളരെ താഴെ സ്ഥാപിക്കുന്നത് കൊണ്ട് പോട്ടാനുള്ള സാധ്യത വളരെ കുറവാണ് .പദ്ധതി നിർവഹണ ചുമതലയുള്ള കരാറുകാരനെകൊണ്ടു തന്നെ ആണ് 5 വർഷത്തെ പരിപാലനം കുടി നടത്തുന്നത് .കരാറുകാരന്റെ പരിപാലനപ്രവൃത്തികൾ കാര്യക്ഷമമാക്കാൻ പദ്ധതിയുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ് 5 വർഷത്തെ പരിപാലനംകൂടി പൂർത്തിയാക്കിയതിനു ശേഷം മാത്രമേ തിരിച്ച കൊടുക്കുകയുള്ളു.

സെക്രട്ടറി

കോഴിക്കോട് കോർപറേഷൻ

KOZHIKODE MUNICIPAL CORPORATION
KOZHIKODE-32